**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **18-01-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ വികസനത്തിനുള്ള ധനസമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ . മുനീർ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി .,<br>ശ്രീ . പാറക്കൽ അബ്ദുല്ല ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ വികസനത്തിനും സുരക്ഷയ്ക്കുമായി ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്തുന്നത്; | (എ) | പൊതുമരാമത്ത് റോഡുകളുടെ വികസനത്തിന് ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിൽ തുക അനുവദിച്ച് വരുന്നു. കൂടാതെ നോൺ പ്ലാൻ ഫണ്ട് ശീർഷകത്തിലും അറ്റകുറ്റ പണികൾക്കായി ഓരോ ബഡ്ജറ്റിലും തുക അനുവദിച്ച് വരുന്നു. റോഡ്സ് സുരക്ഷാ പദ്ധതി / പദ്ധതിയേതരം ഇനത്തിൽ റോഡ് സുരക്ഷയ്ക്കായുള്ള തുക ലഭിക്കുന്നുണ്ട്. റോഡ് വികസനത്തിനായുള്ള മറ്റ് പദ്ധതികളിലും റോഡ് സുരക്ഷയ്ക്കായുള്ള തുക ഉൾപ്പെടുത്താറുണ്ട്. കൂടാതെ റോഡ് സുരക്ഷാ പദ്ധതികൾക്ക് ശിപാർശകൾ സമർപ്പിക്കുന്നതിനനുസരിച്ച് റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാക്കാറുണ്ട്. ദേശീയപാതകളുടെ വികസനത്തിനും മെയിന്റനൻസിനും കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലും നോൺ പ്ലാനിലും അനുവദിക്കുന്ന തുകകൾ കൊണ്ടാണ് നടപ്പിലാക്കുന്നത്. കൂടാതെ ദേശീയപാതകൾ അല്ലാത്ത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് അനുസരിച്ച് നടപ്പിലാക്കാറുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാർ വർഷം തോറും ദേശീയപാതകളുടെ അറ്റകുറ്റപണികൾക്കും മറ്റുമായി ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട് |
| (ബി) | പൊതുമരാമത്ത് റോഡുകൾക്ക് സമീപം വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന ബങ്കുകൾ തുടങ്ങുന്നതിന് ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 6/10/2020 ലെ ജി.ഒ (എം.എസ്) നം. 67/2020/ പി.ഡബ്ല്യൂഡി ഉത്തരവ് പ്രകാരം പൊതുമരാമത്ത് റോഡിന് (SH & MDR) വശത്തായി സ്ഥാപിക്കുന്ന ഫ്യൂവൽ സ്റ്റേഷന് അക്സസ്സ് പെർമിഷൻ ലഭ്യമാക്കുന്നതിന് SH നു 3 ലക്ഷവും MDR നു 2 ലക്ഷവും രൂപ ഒറ്റ തവണ ലൈസൻസ് ഫീസ് ഈടാക്കാനും തുടർന്ന് വരുന്ന വർഷങ്ങളിൽ ലൈസൻസ് ഫീസിൽ ഓരോ വർഷവും 5% |

| | | | |
|---|---|---|---|
| | | | വർദ്ധനവ് വരുത്തുവാനും, അപേക്ഷ ഫീസ് ആയി 10000 രൂപ ഈടാക്കാനും ഹൈവേ പ്രൊട്ടക്ഷൻ അതോറിറ്റി പ്രസ്തുത അപേക്ഷയ്ക്ക് അനുമതി നൽകുന്ന മുറയ്ക്ക് പ്രൊവിഷണൽ പെർമിഷൻ ലഭ്യമാക്കുന്നതിനായി 20000 രൂപ ഈടാക്കാനും ഉത്തരവായിട്ടുണ്ട്. |
| (സി) | ഈ ഇനത്തിൽ എന്ത് തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | ഓരോ വർഷവും കേന്ദ്രസർക്കാർ എത്ര പമ്പുകൾ തുടങ്ങാനാണ് അനുമതി നല്കാൻ ഉദ്ദേശിക്കുന്നത് എന്നത് മുൻകൂട്ടി അറിയാനാവാത്ത സാഹചര്യത്തിൽ കൃത്യമായ കണക്കു ലഭ്യമാക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ